ടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും പ്രതിനിധാനം ചെയ്യുന്ന ജില്ല യിലെ ജനങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്ന ഒരു വിമാനത്താവളമെന്നുള്ള നില യിൽ മദ്ധ്യകേരളത്തിന്റെ സ്വപ്നം സാക്ഷാൽക്കരിക്കാൻ ഈ വിമാനത്താവളത്തെ കണക്കിലെടുത്തുകൊണ്ട് ഈ വിമാനത്താവള വികസനത്തിന്റെ കാര്യത്തിൽ പ്രത്യേ കമായ താല്പര്യം എടുത്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിൽ സ്വാധീനം ചെലുത്തിക്കൊണ്ട് വികസനപ്രവർത്തനത്തിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കൊച്ചി വിമാനത്താവളം വികസി പ്പിക്കണമെന്നുള്ളത് അഭിപ്രായവ്യത്യാസമില്ലാത്ത ഒരു കാര്യമാണ്. ഇത് കേന്ദ്രഗവൺ മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പോലെ വളരെയധികം കളക്ഷനുള്ള ഒരു സെന്ററാണ്, പ്ലെയിനുകളുടെ എണ്ണം കൂട്ടി യിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ആ പ്രദേശം വികസിപ്പിക്കണമോ മറ്റ് സ്ഥലം വേണമോയെന്നുള്ളത് ചർച്ചാവിഷയമായിരിക്കുകയാണ്. സ്ഥലം അവിടെനിന്നു മാറ്റാൻവേണ്ടിയുള്ള നിർദ്ദേശമാണ്. തൈക്കാട്ടുശ്ശേരി വില്ലേജിൽ പള്ളിപ്പുറം എന്ന സ്ഥലത്ത് ഇതിന്റെ ഹെഡ്ക്വാർട്ടേഴ്സും വേറൊരു സ്ഥലവുമാണ് കണ്ടെത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ചുള്ള റിപ്പോർട്ട് കേരളഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് അയച്ചുകൊ ടുത്തിട്ടുണ്ട്. (ഇതിനുവേണ്ടിവരുന്ന സംഖ്യയും മറ്റും) എങ്കിലും 1984-നുശേഷം ഇതു സംബന്ധിച്ച് ഒരു വിശദീകരണം കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടിയിട്ടില്ല. ഞാൻ മന സ്സിലാക്കിയിടത്തോളം ഇപ്പോഴുള്ള സ്ഥലത്തുതന്നെ ഇത് വികസിപ്പിക്കാൻ സാധിക്കു മോയെന്നുള്ളത് വളരെ ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഏതാ യാലും ശരി കൊച്ചി വിമാനത്താവളം വികസിപ്പിക്കണമെന്നുള്ള കാര്യം കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളൊക്കെ മുന്നോട്ടുകൊണ്ടു പോകുന്ന കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(13) കല്ലറ ഗവൺമെന്റ് ഹൈസ്കൂൾ കെട്ടിടത്തിന്റെ പോരായ്മ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : സർ, മൂവ്വായിരത്തോളം കുട്ടി കൾ പഠിക്കുന്ന കല്ലറ ഗവൺമെന്റ് ഹൈസ്ക്കൂളിന് ആവശ്യമായ കെട്ടിടം ഇല്ലാ ത്തതിന്റെ ഭാഗമായി ഇന്നും ഷിഫ്റ്റ് എർപ്പെടുത്തിയിരിക്കുകയാണ്. 1981-ൽ, ഒരു പുതിയ സ്കൂൾ കെട്ടിടം കെട്ടുന്നതിനുവേണ്ടി സർക്കാർ അനുവാദം കൊടുത്തു. 27-8-1981-ൽ 7,96,655 രൂപയ്ക്ക് കോൺട്രാക്ടർ ടെണ്ടർ വിളികേട്ടു. എന്നാൽ അധികം താമസിയാതെ തന്നെ ആ പണി നിന്നുപോയി. 2,50,000 രൂപയുടെ ചാർട്ടും ബില്ലും വാങ്ങിച്ച് കോൺട്രാക്ടർ സ്ഥലംവിട്ടു. നിരവധി നിവേദനങ്ങളും പരാതികളും നടത്തി യതിന്റെ ഭാഗമായി മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ആ വർക്ക് ക്യാൻസൽ ചെയ്തു. 5-8-1984--ൽ ക്യാൻസൽ ചെയ്തതാണ്. ഒരു കൊല്ലമായിട്ട് ഇതുവരെയും റീ-ടെണ്ടർ ചെയ്യാനുള്ള ഏർപ്പാട് ഉണ്ടാക്കിയില്ല. പുതിയ എസ്റ്റിമേറ്റ് 10,75,456 രൂപക്കാണ്. ഇത് ഗവൺമെന്റിലിരിക്കുകയാണ്. വീണ്ടും റീ-ടെണ്ടർ വിളിച്ച് ഈ പണി പൂർത്തിയാ ക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കല്ലറ സ്കൂളിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പലപ്രാവശ്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇവിടെ പറഞ്ഞതുപോലെ ആദ്യം കോൺട്രാക്ട് എടുത്ത കോൺട്രാക്ടർ പണിപൂർത്തിയാക്കാൻ സന്നദ്ധത പ്രകടിപ്പിക്കാത്തതുകൊണ്ടുണ്ടായ സാങ്കേതിക തടസ്സങ്ങളാണ്. എങ്കിലും പൊതുമരാമത്തുവകുപ്പുമായി ആലോചിച്ച് ഈ ജോലി അടിയന്തിമായി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(14) പുതിയ വില്ലേജുകളുടെ രൂപീകരണത്തിലുള്ള അപാകതകൾ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : സർ, നിലവിലുള്ള വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ രൂപീകരിച്ചതിൽ ധാരാളം അപാകതകളുണ്ടായിട്ടുണ്ട്. ജനങ്ങളുടെ സൗകര്യമോ ഭൂമിശാസ്ത്രപരമായ കിടപ്പോ പരിഗണിക്കാതെയാണ് പല വില്ലേജുകളുടേയും വിഭജനം നടന്നിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഇട്ടിവ വില്ലേജിന്റെ വിഭജനംതന്നെ ഇതിന് ഉദാഹരണമാണ്. കിഴക്കും പടിഞ്ഞാറുമായി വേർതിരിഞ്ഞു കിടക്കുന്ന ആ വില്ലേജിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പോ ജനങ്ങളുടെ സൗകര്യമോ നോക്കാതെ അല്ലെങ്കിൽ തെറ്റായ പരിഗണനകളിലൂടെയാണ് വിഭജിച്ചത്. ഇതേ സംബന്ധിച്ചുള്ള നിവേദനം ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കളക്ടർ തന്നെ ആ അശാസ്ത്രീയത ചൂണ്ടികാണിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചതിനുശേഷവും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇതിലെ അപാകത പരിഹരിക്കാനുള്ള നടപടി ഉണ്ടാകണം. അത് കഴിയുന്നില്ലെങ്കിൽ തൊടിയന്നൂർ കേന്ദ്രമായി ഒരു പുതിയ വില്ലേജ് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പൊതുവേ ഇങ്ങനെ അശാസ്ത്രീയമായിട്ടാണ് വിഭജനം നടത്തിയതെന്നുള്ള പ്രസ്താവന ശരിയല്ല. ചുരുക്കം ചില പരാതികൾ കിട്ടിയിട്ടുണ്ട്. ഇട്ടിവ വില്ലേജിനെ സംബന്ധിച്ചുള്ള പരാതി ബഹുമാനപ്പെട്ട അംഗവും മറ്റ് അനേകം ആളുകളും എനിക്ക് തന്നിട്ടുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(15) കാർഷിക വായ്പ തിരിച്ചടയ്ക്കൽ

ശ്രീ. പി. പി. തങ്കച്ചൻ : സർ, ഇക്കഴിഞ്ഞ കാലവർഷക്കെടുതിയെ തുടർന്ന് നമ്മുടെ സംസ്ഥാനത്തെമ്പാടുമുള്ള നെൽകൃഷി മുഴുവൻ നശിച്ചുപോയിരിക്കുകയാണ്. നെൽകൃഷി മാത്രമല്ല നാണ്യവിളകളും നശിച്ചുപോയിരിക്കുകയാണ്. ഇതിനെത്തുടർന്ന് സംസ്ഥാനത്തെ കൃഷിക്കാർ വളരെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. കൂനിന്മേൽകുരു എന്നു പറഞ്ഞതുപോലെ ഈ കൃഷിക്കാർ സഹകരണബാങ്കിൽ നിന്നും സഹകരണ സംഘങ്ങളിൽനിന്നും ഏലാവികസന ആഫീസിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾ തിരിച്ചടയ്ക്കണമെന്ന് ഡിപ്പാർട്ടുമെന്റ് ഇവരെ നിർബന്ധപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly